24. പയ്യോളി
25. പേരാമ്പ്ര
26. കൊയിലാണ്ടി
27. ചേളന്നൂർ
28. താമരശ്ശേരി ടൗൺ
29. തിരുവള്ളൂർ
30. തുണേരി
31. വില്യാപ്പള്ളി
32. വെസ്റ്റ് ഹിൽ

(ബി) താഴെപ്പറയുന്ന രജിസ്ട്രേഷൻ ഓഫീസുകളാണ് കമ്പ്യൂട്ടർവൽക്കരിച്ചിരിക്കുന്നത്:

1. വെസ്റ്റ് ഹിൽ
2. ഫറോക്ക്
3. കോഴിക്കോട്
4. വടകര
5. ചാലപ്പുറം
6. ചേവായൂർ

(സി) 2003-2004 സാമ്പത്തിക വർഷം 1,09,746 എണ്ണവും 2004-2005 സാമ്പത്തിക വർഷം 1,25,768 എണ്ണവും രജിസ്ട്രേഷനുകളാണ് കോഴിക്കോട് ജില്ലയിൽ നടന്നത്. ഓഫീസ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തു കൊള്ളുന്നു.†

സബ് രജിസ്ട്രാർ ആഫീസുകളിലെ കമ്പ്യൂട്ടർ സംവിധാനം

120 [3376] *ശ്രീ. എ. എ. അസീസ്,*
,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സബ് രജിസ്ട്രാർ ആഫീസുകളിലാണ് ഇതിനകം കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) കമ്പ്യൂട്ടറൈസ് ചെയ്യാത്ത ആഫീസുകളിൽ എന്നത്തേക്ക് കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തും;

(സി) എത്ര ആഫീസുകളിൽ സ്ഥാപിച്ച കമ്പ്യൂട്ടറുകളുടെ പ്രവർത്തനം വിവിധ കാരണങ്ങളാൽ നിലച്ചുപോയിട്ടുണ്ട്?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 114 സബ് രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇനിയും കമ്പ്യൂട്ടറൈസ് ചെയ്യാനുള്ള 194 സബ് രജിസ്ട്രാർ ആഫീസുകളിൽ 154 എണ്ണത്തിൽ കമ്പ്യൂട്ടറൈസേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) 4 ആഫീസുകളിൽ കമ്പ്യൂട്ടറുകളുടെ പ്രവർത്തനം നിലച്ചുപോയിട്ടുണ്ട്. ഇവ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇന്ദിരാ ആവാസ് പദ്ധതിപ്രകാരം നിർമ്മിക്കുന്ന വീടുകൾ

121 [3377] *ശ്രീ വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് പദ്ധതിപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്നവർക്ക് 20,000 വീടുകൾ നിർമ്മിച്ചു നൽകുമെന്ന വാഗ്ദാനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം ഇതിനകം എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്;

(സി) വീടുകൾ ജില്ലാ അടിസ്ഥാനത്തിലാണോ നിയോജകമണ്ഡലാടിസ്ഥാനത്തിലാണോ നിർമ്മിച്ചു നൽകാൻ ഉദ്ദേശിക്കുന്നത്;

(ഡി) ബേപ്പൂർ നിയോജകമണ്ഡലത്തിൽ എത്ര വീടുകൾ ഈ പദ്ധതിപ്രകാരം നൽകും എന്ന് അറിയിക്കാമോ;

(ഇ) വീടുകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയാണ് വീടുകൾ നൽകുന്നത്; കുടിവെള്ളവും വൈദ്യുതിയും ലഭ്യമാക്കുന്നുണ്ടോ എന്ന് പറയാമോ?

ഉത്തരം

(എ) ഒരു വർഷത്തെ കർമ്മ പദ്ധതിയിൽപ്പെടുത്തി 20,000 വീടുകൾ ഇന്ദിരാ ആവാസ് യോജന പ്രകാരം നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഈ പദ്ധതി പ്രകാരം ഇതിനകം 14,302 വീടുകൾ നിർമ്മിച്ചു.

(സി) വീടുകൾ നിർമ്മിക്കുന്നതിനുള്ള ലക്ഷ്യം നിശ്ചയിച്ചിരിക്കുന്നത് ജില്ലാടിസ്ഥാനത്തിനാണ്.

LIBRARY ARCHIVES Kerala Legislative Assembly